# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 761 — 08.01.2014 ൽ മറുപടിക്ക്

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആവശ്യമുള്ള ഡോക്ടർമാർ, നഴ്സിംഗ് അസിസ്റ്റന്റ് , ക്ലീനിംഗ് സ്റ്റാഫ്, ലാബ് എക്സ്-റെ ടെക്നീഷ്യൻ തുടങ്ങിയവർ ഇല്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവരെ നിയമിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ മെഡിസിൻ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ് എന്നീ തസ്തികകളിൽ കൺസൾട്ടന്റിന്റെ ഓരോ ഒഴിവും, സർജറി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒരു ഒഴിവും, നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒരു ഒഴിവും പാർട്ട് ടൈം സ്വീപ്പറിന്റെ 5 ഒഴിവുകളും നിലവിലുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ അഡ്ഹോക് വ്യവസ്ഥയിലൂടെ നികത്തിയിട്ടുണ്ട്. സർവ്വീസിലുള്ള ഡോക്ടർമാരിൽ ബിരുദാനന്തര ബിരുദം ഉള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിൽ ജൂനിയർ കൺസൾട്ടന്റായി പ്ലേസ്മെന്റ് നൽകി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റിന്റെയും പാർട്ട് ടൈം സ്വീപ്പറിന്റെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പുനരുദ്ധാരണ പ്രവർത്ത നങ്ങൾക്കായി പതിനാറ് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് നടപ്പി ലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) അത്തരമൊരു പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കെട്ടിട സൗകര്യമില്ലാത്തതിനാലാണ് മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കാത്തത്. |

സെക്ഷൻ ഓഫീസർ